LIBRARY ARCHIVES Kerala Legislative Assembly

**സീഫുഡ് റസ്റ്റോറന്റ്**

243(2280) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന സീഫുഡ് റസ്റ്റോറന്റ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഓഖി ദുരന്തബാധിതരായ മത്സ്യത്തൊഴിലാളി വിഭാഗത്തിന്റെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വിഴിഞ്ഞം ഇരുമുഖ പ്രദേശത്ത് ഒരു സമുദ്ര-ഭക്ഷ്യ-സംസ്കരണ യൂണിറ്റും വിപണന ഔട്ട്ലെറ്റും ആരംഭിക്കുന്നതിനായി 4 കോടി രൂപയുടെ അംഗീകാരം നൽകിയിരുന്നു. പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി കോവളം ആഴാംകുളത്ത് ഒരു സീ ഫുഡ് റസ്റ്റോറന്റും വിപണന ഔട്ട്ലെറ്റും സ്ഥാപിക്കുന്നതിനായി 63.22 ലക്ഷം രൂപയ്ക്ക് വർക്ക് അവാർഡ് ചെയ്തു. നിലവിൽ പ്രവൃത്തി ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. ഇതുകൂടാതെ കൊല്ലം ജില്ലയിലും ഇത്തരത്തിലൊരു സീഫുഡ് റസ്റ്റോറന്റ് സ്ഥാപിക്കുന്നതിന് 207 ലക്ഷം രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. കൊല്ലം കോർപ്പറേഷനിൽനിന്നും സ്ഥലം കൈമാറി ലഭിക്കുന്ന മുറയ്ക്ക് റസ്റ്റോറന്റ് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) സംസ്ഥാനത്തെ മുഴുവൻ തീരദേശങ്ങളുമായി ബന്ധപ്പെട്ട് ഇത്തരത്തിലുള്ള സംരംഭങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

നിലവിൽ പരിഗണനയിലില്ല.

**ആധുനിക മത്സ്യ മാർക്കറ്റുകൾ**

244(2281) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യ ബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ ഏതെല്ലാം മത്സ്യ മാർക്കറ്റുകളാണ് ആധുനിക മത്സ്യമാർക്കറ്റുകളായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വർക്കല മണ്ഡലത്തിലെ പുത്തൻചന്ത മത്സ്യമാർക്കറ്റ്, പുന്നമൂട് മത്സ്യമാർക്കറ്റ് എന്നിവയാണ് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബി ധനസഹായത്തോടെ പുനരുദ്ധരിക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) ഓരോന്നിനും അനുവദിച്ചിട്ടുള്ള ഫണ്ട് എത്രയെന്ന് വ്യക്തമാക്കാമോ?

ഓരോന്നിനും അനുവദിച്ചിട്ടുള്ള ഫണ്ട് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | പുത്തൻചന്ത മത്സ്യമാർക്കറ്റ് നിർമ്മാണം | 215.38 |
| 2 | പുന്നമൂട് മത്സ്യമാർക്കറ്റ് നിർമ്മാണം | 378.63 |

(സി) ഓരോന്നിന്റെയും നിർമ്മാണത്തിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ?

ഓരോന്നിന്റെയും നിർമ്മാണത്തിനുള്ള നടപടികളുടെ പുരോഗതി ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | പുത്തൻചന്ത മത്സ്യ മാർക്കറ്റ് നിർമ്മാണം | 215.38 | ഡിമോളിഷൻ പൂർത്തീകരിച്ചു. റീടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. |
| 2 | പുന്നമൂട് മത്സ്യ മാർക്കറ്റ് നിർമ്മാണം | 378.63 | LSGD, LSGI, KIIFB എന്നിവർ ചേർന്ന് റവന്യൂ ഷെയറിംഗിനായി Tripartrite agreement-ൽ ഏർപ്പെടുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പ്രവൃത്തി നടപ്പാക്കുന്നതിന് കെ.എസ്.സി.എ.ഡി.സി.-യും നടപടി സ്വീകരിച്ചുവരുന്നു. |

(ഡി) പ്രസ്തുത നടപടികൾ ത്വരിതപ്പെടുത്തുമോയെന്ന് അറിയിക്കാമോ?

നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

**അലങ്കാരമത്സ്യങ്ങളുടെ ഉത്പാദനവും വിപണനവും**

245(2282) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശീതജല-ശുദ്ധജല-സമുദ്രജല അലങ്കാര മത്സ്യങ്ങളുടെ വ്യാവസായിക അടിസ്ഥാനത്തിലുള്ള ഉത്പാദനവും വിപണനവും കയറ്റുമതിയും പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു പ്രത്യേക കർമ്മപദ്ധതി ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly